"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - കോവിഡ് 19 നെ തുടർന്നുള്ള ലോക്ക്ഡൗൺ കാലഘട്ടം- ജീവനക്കാർക്കായി പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങൾ, സിവിൽ സ്റ്റേഷനുകൾ, കളക്ടറേറ്റുകൾ . ഹൈക്കോടതി തുടങ്ങിയ സ്ഥലങ്ങളിലേക്ക് പ്രത്യേക സർവ്വീസ് നടത്തുന്നത് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

G.O.(Rt) No.140/2020/TRANS തീയതി,തിരുവനന്തപുരം, 12/05/2020

പരാമർശം:- 1 സ.ഉ (കൈ) നം. 86/2020/പൊ.ഭ.വ. തീയതി 04.05.2020

2 സ.ഉ (സാധാ) നം. 138/2020/ഗതാഗത. തീയതി 09.05.2020

ഉത്തരവ്

പരാമർശം 1- ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രൂപ്പ് എ & ബി ഉദ്യോഗസ്ഥരുടെ 50 ശതമാനവും ഗ്രൂപ്പ് സി & ഡി ഉദ്യോഗസ്ഥരുടെ 33 ശതമാനവും ഓഫീസിൽ ഹാജരാകേണ്ടതാണ്. എന്നാൽ പൊതു ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ പലർക്കും ഓഫീസിൽ ഹാജരാകാൻ സാധിക്കുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം 2 - ലെ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് ഓഫീസിൽ എത്തുന്നതിനും തിരിച്ച് പോകുന്നതിനും ലോക്ക്ഡൗൺ കാലഘട്ടത്തിലേക്ക് മാത്രമായി കോൺട്രാക്ട് ക്യാരേജുകളായി സർവ്വീസുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി ക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങൾ, സിവിൽ സ്റ്റേഷനുകൾ, കളക്ടറേറ്റുകൾ , ഹൈക്കോടതി തുടങ്ങിയ സ്ഥലങ്ങളിലേക്കും ജീവനക്കാർക്ക് ഓഫീസിൽ എത്തുന്നതിനും തിരിച്ചുപോകുന്നതിനും ജീവനക്കാരുടെ എണ്ണം നിശ്ചയിച്ച് റൂട്ട് മാപ്പ് തയ്യാറാക്കി ശാരീരിക അകലം പാലിക്കണമെന്ന വ്യവസ്ഥയിൽ ലോക്ക്ഡൗൺ കാലഘട്ടത്തിലേക്ക് മാത്രമായി കോൺട്രാക്ട് ക്യാരേജുകളായി സർവ്വീസുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
PRINCIPAL SECRETARY

എല്ലാ ഗവൺമെന്റ് അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും , പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം